**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **27-01-2026 - ൽ മറുപടിയ്ക്ക്**

**വ്യാജമുൻഗണന കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ റേഷൻകാർഡ് മാനേജിംഗ് സിസ്റ്റത്തിൽ കടന്നുകയറി വ്യാജമുൻഗണനാ കാർഡുകൾ നിർമ്മിച്ച് വിതരണം നടത്തി റേഷൻ വിതരണത്തെ തകിടം മറിയ്ക്കുന്ന പ്രക്രിയ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം സൗത്ത് സിറ്റി റേഷനിംഗ് ഓഫീസിലെ റേഷൻകാർഡ് സീറ്റ് ക്ലാർക്കിന്റെയും റേഷനിംഗ് ഇൻസ്പെക്ടറുടെയും (ഫർക്ക-11) ലോഗിൻ ഐ.ഡി/പാസ്‌വേർഡ് എന്നിവ നിയമവിരുദ്ധമായി അവരുടെ അറിവോടെയല്ലാതെ ഉപയോഗിച്ച് 146 പുതിയ റേഷൻ കാർഡുകൾ ക്രമവിരുദ്ധമായി ഉണ്ടാക്കിയിട്ടുള്ളതായി വകുപ്പ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത വ്യാജമുൻഗണന കാർഡ് നിർമ്മാണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്രപേരെ കുറ്റക്കാരായി കണ്ടെത്തി; എന്തുനടപടികൾ ഇവർക്കെതിരെ സ്വീകരിച്ചു; എത്ര വ്യാജ കാർഡുകൾ കണ്ടെത്തി; ഇനി കണ്ടെത്താനുള്ളവ എത്ര; ഇതുവഴി വഴിവിട്ട് കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ അളവ് എത്ര; ഇവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഈ വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സിറ്റി റേഷനിംഗ് ഓഫീസർ (സൗത്ത്) നൽകിയ പരാതിയിന്മേൽ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1264/2025-ാം നമ്പർ കേസിൽ സിറ്റി റേഷനിംഗ് ഓഫീസിലെ ജീവനക്കാരനായ രാധാകൃഷ്ണൻ ആർ. ഒന്നാം പ്രതിയാണെന്ന് പോലീസ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും ടിയാനെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് 5 പ്രതികൾ സിറ്റി റേഷനിംഗ് ഓഫീസിന്റെ പരിധിയിലുള്ള ന്യായവിലകടകളുടെ ലൈസൻസികളാണ്. FPS 234-ന്റെ ലൈസൻസിയായ സഹദ് ഖാനെ പോലീസ് അറസ്റ്റ് ചെയ്ത്, കോടതി ടിയാനെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത FPS-ന്റെ ലൈസൻസ് താൽകാലികമായി റദ്ദ് ചെയ്യുകയും, പ്രതി പട്ടികയിലുള്ള മറ്റ 4 ലൈസൻസികളുടെ FPS ലൈസൻസുകളും താൽക്കാലികമായി റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വ്യാജമായി നിർമ്മിച്ച 146 റേഷൻ കാർഡുകളാണ് കണ്ടെത്തിയിട്ടുള്ളത്. ഈ 146 കാർഡുകളിലായി അകെ 2852 kg അരി, 306 kg ഗോതമ്പ്, 324 കവർ ആട്ട, 20.5 ltr മണ്ണെണ്ണ എന്നിവ കൈപ്പറ്റിയിട്ടുണ്ട്. വ്യാജമായി റേഷൻ കാർഡുകൾ കരസ്ഥമാക്കിയ 146 |

| | | | |
|---|---|---|---|
| | | | കാർഡുടമകൾക്കെതിരെ KTPDS (C) order 2021 ഖണ്ഡിക 11 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇത്തരം പ്രവണതകൾ തടയുവാനും ഭക്ഷ്യ പൊതുവിതരണ രംഗം കുറ്റമറ്റതാക്കാനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | താലൂക്ക് സപ്ലൈ ഓഫീസിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർക്ക് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (RCMS) വെബ്സൈറ്റ് ഉപയോഗിക്കുന്നതിന് നൽകിയിരിക്കുന്ന ലോഗിൻ പാസ്‌വേഡുകൾ കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും മാറ്റേണ്ടതാണ് എന്ന തരത്തിൽ വെബ്സൈറ്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. കൂടാതെ അതാത് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന Login credentials മറ്റാർക്കും കൈമാറുവാൻ പാടില്ലാത്തതാണ് എന്നും RCMS മായി ബന്ധപ്പെട്ട ലോഗിൻ പാസ്‌വേഡ് എന്നിവ ഓഫീസുകളിൽ ഉപയോഗിച്ചു വരുന്ന കമ്പ്യൂട്ടറുകളിലോ മറ്റു സിസ്റ്റങ്ങളിലോ സേവ് ചെയ്തു സൂക്ഷിക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപരിയായി RCMS മായി ബന്ധപ്പെട്ട് ലോഗിൻ OTP സംവിധാനം (Two Factor Authentication) ഏർപ്പെടുത്തിയിട്ടുമുണ്ട്. ഇതുവഴി ഇത്തരത്തിലുള്ള ക്രമവിരുദ്ധമായ നടപടികൾ ഇനിയുണ്ടാകില്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ